**<u>ഗവൺമെന്റ് പ്രമേയം</u>**

<u>സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യുന്നത് നിർത്തിവച്ച കേന്ദ്ര സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം നിലനിർത്തണമെന്നുള്ള ആവശ്യം സംബന്ധിച്ച്</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):സർ, "സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യുന്നത് നിർത്തിവച്ച കേന്ദ്ര സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം നിലനിർത്തണമെന്നുമുള്ള ആവശ്യം" സംബന്ധിച്ച പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കേന്ദ്ര പാർലമെന്റ് 2013-ൽ പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയില്ല എന്ന കാരണത്താൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നടപടികൾ കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന് പ്രത്യേകമായ പരിഗണന നൽകേണ്ട സന്ദർഭത്തിൽ നമുക്ക് കാലങ്ങളായി നൽകിക്കൊണ്ടിരുന്ന അഡ്ഹോക്ക് അലോട്ട്മെന്റ് കേന്ദ്രം ഇക്കാരണത്താൽ

വെട്ടിച്ചുരുക്കിയിരിക്കുകയാണ്. 28-09-2016-ലെ കേന്ദ്ര ക്യാബിനറ്റ് തീരുമാനമനുസരിച്ച് കേരളത്തിലെ എ.പി.എൽ. വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങളും അവസാനിപ്പിക്കുകയാണ്. എ.പി.എൽ. കാർഡുടമകൾക്ക് 8.30 രൂപയ്ക്ക് ലഭിച്ചിരുന്ന അരി ഇനിമുതൽ 22.54 രൂപയ്ക്കും 6.10 രൂപയ്ക്ക് ലഭിച്ചിരുന്ന ഗോതമ്പ് 15.25 രൂപയ്ക്കും ലഭിക്കും. സെപ്റ്റംബറിലെ കണക്കുപ്രകാരം 62,61,459 എ.പി.എൽ. കുടുംബങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇവർക്ക് പ്രതിമാസം 36,056 ടൺ അരി, 11,777 ടൺ ഗോതമ്പ് എന്നിങ്ങനെയാണ് ലഭിച്ചിരുന്നത്. 37.10 കോടി രൂപയ്ക്ക് ലഭിച്ചിരുന്ന ഈ ഉൽപ്പന്നങ്ങൾ ഇനി ലഭിക്കണമെങ്കിൽ 99.22 കോടി രൂപ നൽകേണ്ടിവരും. അതായത് 62.12 കോടി രൂപയുടെ അധിക ബാധ്യത. ഇതോടൊപ്പം എ.പി.എൽ. വിഭാഗത്തിലെ 66% വരുന്ന എ.പി.എൽ. എസ്.എസ്. വിഭാഗത്തിന് 2 രൂപ നിരക്കിൽ അരിവിതരണത്തിന് 16.47 കോടി രൂപയും പ്രതിമാസം അധികമായി ചെലവഴിക്കേണ്ടിവരുന്നു. ഈ സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തിന് ഒരിക്കലും താങ്ങാൻ കഴിയുന്നതല്ല. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന റേഷൻ സമ്പ്രദായം അങ്ങേയറ്റം താറുമാറാകും എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. പാർലമെന്റ് 2013-ലാണ് ഭക്ഷ്യ ഭദ്രതാ നിയമം പാസ്സാക്കിയത്. എന്നാൽ 2016 ഏപ്രിൽ വരെ അധികാരത്തിലിരുന്ന

യു.ഡി.എഫ്. സർക്കാർ വളരെ പ്രാഥമികമായ ചില കാര്യങ്ങൾ മാത്രം നിർവ്വഹിച്ചുകൊണ്ടാണ് കടന്നുപോയത്. 2012-ൽ റേഷൻ കാർഡ് പുതുക്കേണ്ടതായിരുന്നു. 2013-ലെ ഈ വ്യവസ്ഥകൂടി വന്നപ്പോൾ അതെല്ലാംകൂടി ചേർത്ത് ഫാറം പൂരിപ്പിച്ച് ഒരു വിവരശേഖരണം നടത്തി എന്നല്ലാതെ മറ്റ് കാര്യങ്ങളൊന്നും നിർവ്വഹിച്ചിരുന്നില്ല. എന്നുമാത്രമല്ല മുൻ ഗവൺമെന്റിന്റെ അവസാന നാളുകളിൽ വ്യവസ്ഥയ്ക്കുവിധേയമായി താലൂക്കുതല റാങ്കിംഗ് നിശ്ചയിച്ചാണ് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമെടുത്തത്. അങ്ങനെ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കൊടുങ്ങല്ലൂർ താലൂക്കിലും എറണാകുളം സിറ്റി റേഷനിംഗ് പരിധിയിലും പ്രസിദ്ധപ്പെടുത്തിയപ്പോൾ ധാരാളം അപാകതകളാണ് അതുസംബന്ധിച്ച് ബോധ്യമായത്. അതുകൊണ്ട് താലൂക്കുതല റാങ്കിംഗ് രീതി ഒഴിവാക്കി സംസ്ഥാന അടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിക്കാൻ ഇന്നത്തെ ഗവൺമെന്റ് തീരുമാനമെടുത്തു. എല്ലാ റേഷൻ കാർഡ് അംഗങ്ങളുടെയും ആധാർ കാർഡ് നമ്പർ ശേഖരിക്കാനുള്ള നടപടിയാണ് ആദ്യം സ്വീകരിച്ചത്. സംസ്ഥാന അടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിച്ച്, അവർ അന്ന് ശേഖരിച്ച വിവരശേഖരണവുമായി ബന്ധപ്പെടുത്തി പ്രയോറിറ്റി ലിസ്റ്റ് പൂർത്തിയാക്കുക എന്ന വളരെ ഭാരിച്ച ഉത്തരവാദിത്വമാണ് കഴിഞ്ഞ ദിവസങ്ങളിലെല്ലാം

ചെയ്തുകൊണ്ടിരുന്നത്. ഒക്ടോബർ 5-ന് കരട് പ്രയോറിറ്റി ലിസ്റ്റ് സംസ്ഥാനത്ത് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ സാധിക്കും. മാർച്ച് 1-ന് പുതിയ റേഷൻ കാർഡ് വിതരണം ചെയ്തുകൊണ്ട് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് (എൻ.എഫ്.എസ്.എ.) സംസ്ഥാനത്ത് നടപ്പാക്കാനുള്ള തീവ്രമായ പരിശ്രമത്തിലാണ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കുറേക്കൂടി അഡ്വാൻസ് ചെയ്ത് അതിനേക്കാൾ മുമ്പേ റേഷൻ കാർഡ് വിതരണം ചെയ്യാനും ഏതെങ്കിലും ഒരു ജില്ല പൈലറ്റായി തെരഞ്ഞെടുത്ത് എൻ.എഫ്.എസ്.എ. നടപ്പാക്കാനുമുള്ള വളരെ കഠിനമായ ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് കേന്ദ്ര ഗവൺമെന്റ് വീണ്ടും കേരളത്തിന്റെമേൽ ഈ ഭാരമടിച്ചേൽപ്പിച്ച് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലനിന്നിരുന്ന നമ്മുടെ സംസ്ഥാനത്തെ കണ്ണുനീർ കുടിപ്പിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭിച്ചിരുന്ന ഭക്ഷ്യധാന്യം പഴയതുപോലെ ലഭിക്കാൻ ആവശ്യമായ നടപടികൾ കേന്ദ്രം സ്വീകരിക്കണം. എൻ.എഫ്.എസ്.എ. വളരെ സമയബന്ധിതമായി നാം നടപ്പിലാക്കും. വളരെ സുതാര്യമായും കർക്കശമായും ആ നിയമം നടപ്പിലാക്കി ഗവൺമെന്റ് മുന്നോട്ടുപോകുമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് അറിയിക്കാനുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഐകകണ്ഠ്യേന

പ്രമേയം പാസ്സാക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. ആ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തിന് ഭേദഗതികളൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിലെ എല്ലാവർക്കും വളരെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയെന്നുള്ളത് ആശാസ്യകരമായ കാര്യമാണ്. പക്ഷെ അത്രമാത്രം ഒരു ധാരാളിത്തം കാണിക്കാനുള്ള സാമ്പത്തിക സ്ഥിതി നമ്മുടെ കേരളത്തിനുണ്ടോയെന്ന് ചിന്തിക്കേണ്ട കാര്യമാണ്. ഇവിടെ കുറേക്കാലങ്ങളായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിൽക്കുന്നു. സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന സമ്പ്രദായം എല്ലാവരും ഇഷ്ടപ്പെടുന്നതാണ്. പക്ഷെ നമ്മുടെ പരിമിതമായ റിസോഴ്സസ് ഉപയോഗിക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കേണ്ടത് ഏറ്റവും അടിത്തട്ടിലുള്ള ആളുകളെ സംബന്ധിച്ചായിരിക്കണം. കേന്ദ്രഗവൺമെന്റ് 2013-ൽ പാസ്സാക്കിയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാൻവേണ്ടി നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെങ്കിലും സംസ്ഥാനം സമയം ആവശ്യപ്പെട്ടുകൊണ്ടിരുന്ന സാഹചര്യത്തിലാണ് ഇങ്ങനെ

നീട്ടികൊണ്ടുപോയത്. ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളം വീഴ്ചവരുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമല്ല എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്കും സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്ന സമ്പ്രദായം താങ്ങാൻ സാധിക്കില്ല. സംസ്ഥാന ഗവൺമെന്റുകൾക്ക് സബ്സിഡി നൽകുന്നതിന് സ്വാതന്ത്ര്യമുണ്ട്. പക്ഷെ കേന്ദ്രത്തിന്റെമേൽ ആ ബാധ്യത വരാൻ സാധ്യമല്ല. അതുകൊണ്ട് ഏറ്റവും അടിത്തട്ടിലുള്ള അതായത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സബ്സിഡി കൊടുക്കാൻ തയ്യാറാണ് എന്നുള്ള നിലപാടാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. ഞാൻ ഈ ഗവൺമെന്റിനെ കുറ്റം പറയുകയല്ല, മുമ്പുള്ള ഗവൺമെന്റ് കാണിച്ചിട്ടുള്ള അനാസ്ഥയുടെ തുടർച്ചയാണിത്. ഇപ്പോഴെങ്കിലും വളരെ ഗൗരവമായി ചിന്തിച്ച് ഈയൊരു ധാരാളിത്തത്തിന് കഴിവും സാധ്യതയും ആവശ്യമുണ്ടോയെന്ന കാര്യത്തെപ്പറ്റി ചിന്തിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ പ്രമേയത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തെ പീഡിപ്പിക്കുന്നതിനുവേണ്ടി ഒരു നിലപാട് സ്വീകരിക്കുന്നുവെന്നുള്ള പരാമർശം ശരിയല്ല. അതിൽ എന്റെ വ്യത്യസ്തമായ അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു. ഗവൺമെന്റ് പ്രമേയം പാസ്സാക്കുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷെ അതിൽ ഞാൻകൂടി

കൂട്ടുനിന്നുവെന്ന് വരാൻ പാടില്ല. എനിക്കതിൽ വ്യത്യസ്ത അഭിപ്രായമുണ്ട്. പാവപ്പെട്ട ആളുകൾക്ക് മാത്രം സബ്സിഡി ലഭിക്കണം. നിലവിലെ വിലയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള സാഹചര്യം മറ്റുള്ളവർക്കുണ്ട്. അതാണ് വാസ്തവത്തിൽ കൃഷിക്കാരോട് നമുക്ക് ചെയ്യാൻ സാധിക്കുന്ന പ്രാഥമികമായ ഒരു സഹായം. അവരുടെ വരുമാനം വർദ്ധിക്കുന്നതിന് സാഹചര്യമുണ്ടാക്കുന്നത് ഇത്രമാത്രം വലിയൊരു പീഡിപ്പിക്കലായി കണക്കാക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):സർ, നിയമം നടപ്പാക്കുന്നത് സംബന്ധിച്ചുണ്ടായ കാലതാമസത്തിന് ഉത്തരവാദി ഈ ഗവൺമെന്റല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം നടപടിക്രമങ്ങൾ ഓരോന്നും പാലിച്ച് വളരെ വേഗം ആക്ട് നടപ്പിൽവരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തിയതല്ല. കേരളത്തിന് അർഹതപ്പെട്ട അരിയും ഗോതമ്പും മറ്റ് ഉൽപ്പന്നങ്ങളും ഒരു വീഴ്ചയുമില്ലാതെ നൽകണമെന്ന റിക്വസ്റ്റാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഇതിനോടൊപ്പം ഒരു കാര്യംകൂടി പറയാനുണ്ട്. ഏകദേശം 26000 കിലോ ലിറ്റർ മണ്ണെണ്ണ നമുക്ക് ലഭിച്ചുകൊണ്ടിരുന്നതിൽനിന്ന് 10,000 കിലോ ലിറ്റർ വെട്ടിക്കുറിച്ച് 16000 കിലോ ലിറ്ററാക്കി കുറച്ചിരിക്കുകയാണ്.

അങ്ങനെ ഓരോ കാര്യങ്ങൾ വരുമ്പോഴും കേരളത്തിന് നഷ്ടക്കച്ചവടമാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിന്നിരുന്ന ഈ സംസ്ഥാനത്തെ അങ്ങേയറ്റം സമ്മർദ്ദത്തിലും വളരെ ദുഃഖകരമായ അവസ്ഥയിലും എത്തിക്കുക എന്നതാണ് ഓരോ നടപടിയിലൂടെയും വരുന്നത്. കഴിഞ്ഞ ഗവൺമെന്റിന് 3 വർഷം ലഭിച്ചിട്ടും ഈ ആക്ട് നടപ്പാക്കാൻ വേണ്ടത്ര ഗൗരവം കാണിച്ചില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാലുമാസംകൊണ്ട് ചെയ്യാവുന്നതിന്റെ മാക്സിമം കാര്യങ്ങൾ ചെയ്തു. 6 മാസമാണ് ഞങ്ങൾ കൂടുതലായി കേന്ദ്രത്തോടാവശ്യപ്പെട്ടത്. കുറേക്കൂടി അഡ്വാൻസ് ചെയ്ത് നിയമം നടപ്പിലാക്കുന്നതിനുള്ള കഠിന പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് പ്രതിപക്ഷത്തിന്റെ പൂർണ്ണമായ പിന്തുണയുണ്ടെന്ന് പ്രതിപക്ഷനേതാവ് അറിയിച്ചിട്ടുണ്ടെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**പ്രമേയം പാസ്സായിരിക്കുന്നു.**